ശ്രീ. എം. ഉമ്മർ: സർ, ബി.എ.സി. റിപ്പോർട്ടിനെ ഞാൻ എതിർക്കുകയല്ല. എന്നാലും സഭയുടെ ചട്ടങ്ങളെ സംബന്ധിച്ച് ഉദ്ധരിക്കുകയാണ്. (....ബഹളം....)

മി. സ്പീക്കർ: അതാണല്ലോ നേരത്തെ ഉന്നയിച്ചത്. (....ബഹളം....)

ശ്രീ. എം. ഉമ്മർ: സർ, എന്തിനാണ് അസഹിഷ്ണുത? ഞാൻ പറയട്ടെ.

മി. സ്പീക്കർ: അതിനെ സംബന്ധിച്ച് ശ്രീ. കെ. സി. ജോസഫ് ഉന്നയിച്ചു. ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പി അംഗങ്ങൾക്കും മാധ്യമ പ്രവർത്തകർക്കും വിതരണം ചെയ്യാവുന്നതാണ്.

ശ്രീ. എം. ഉമ്മർ: സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 12-ൽ യോഗസമയത്തെ സംബന്ധിച്ച് പറയുന്നുണ്ട്, "യോഗസമയം: സ്പീക്കറുടെ നിർദ്ദേശത്തിന് വിധേയമായി, സാധാരണയായി, വെള്ളിയാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ രാവിലെ (9.00-ന്) സഭ യോഗം ആരംഭിക്കേണ്ടതും ഇടവേള കൂടാതെ ഉച്ചയ്ക്ക് (2.00-ന്) അവസാനിക്കേണ്ടതുമാണ്. വെള്ളിയാഴ്ച ദിവസങ്ങളിൽ സഭ രാവിലെ (9.00-ന്) ആരംഭിച്ച് ഉച്ചയ്ക്ക് 12.30-ന് അവസാനിക്കേണ്ടതാകുന്നു" എന്ന് ചട്ടത്തിൽ കൃത്യമായി പറയുന്നുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി

കാര്യോപദേശക സമിതിയുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത് 3.00 മണിക്ക് സഭ ചേരണമെന്നുള്ളതാണ്. അത് നമ്മുടെ ചട്ടത്തിന് വിരുദ്ധമാണ്. നമ്മുടെ ചട്ടത്തിൽ സഭ 12.30-ന് പിരിയണമെന്ന് കൃത്യമായി പറഞ്ഞിട്ടുണ്ട്. അതിനുശേഷം സഭ കൂടണമെങ്കിൽ സഭാനടപടിക്രമങ്ങളിൽ ഭേദഗതി വരുത്തണം. മുമ്പ് 8.30-നായിരുന്നു സഭ ചേർന്നിരുന്നത്. അത് 9.00 മണിയാക്കിയത് സഭാ നടപടിക്രമങ്ങളിൽ ഭേദഗതി വരുത്തി സഭയിൽ കൊണ്ടുവന്ന് പാസ്സാക്കിയതിനുശേഷമാണ്. ഇവിടെ ഉച്ചയ്ക്കുശേഷം 12.30-ന് പിരിയേണ്ട സഭ വെള്ളിയാഴ്ച 3.00 മണിക്ക് ചേരണമെന്ന് പറയുന്നത് സഭയുടെ നടപടിക്രമങ്ങൾക്ക് വിരുദ്ധമാണ്. അതുകൊണ്ട് അത് പുനഃപരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ബി.എ.സി. റിപ്പോർട്ടിനെ എതിർക്കുന്നില്ല. എന്തായിരുന്നാലും നമ്മുടെ സഭ കാലാകാലങ്ങളിലായി 1957 മുതൽ പിന്തുടരുന്ന രീതിയുണ്ട്. വെള്ളിയാഴ്ചയാണ്, 12.30-ന് അവസാനിപ്പിക്കണമെന്ന് മൂന്ന് തവണ ഇപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ അങ്ങ് ഓർമ്മപ്പെടുത്തി. അത് സഭാനടപടികളോടുള്ള അങ്ങയുടെ കൃത്യമായ നിഷ്കർഷയാണ്. അതുപോലെ ഇക്കാര്യവുമുണ്ട്. ഞാൻ ഇത് വികാരപരമായിട്ടല്ല പറയുന്നത്.

ചട്ടം കൃത്യമായി പാലിക്കപ്പെടണമെന്നുള്ളതുകൊണ്ടും അങ്ങനെ മുന്നോട്ടു പോകണമെന്നുള്ളതുകൊണ്ടുമാണ്. അല്ലാതെ ഇതൊരു കീഴ്‌വഴക്കമായി മുന്നോട്ടുകൊണ്ടുപോകരുത്.